**പതിനാലാം കേരള നിയമസഭ**
**10-ാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5685** **28.03.2018-ൽ മറുപടിയ്ക്ക്**

## തീരദേശ പരിപാലന നിയമ പ്രകാരം വീട് വയ്ക്കുന്നതിനുള്ള ദൂരപരിധി

ചോദ്യം
ശ്രീ.വി.ആർ. സുനിൽ കുമാർ :

മറുപടി
**പിണറായി വിജയൻ**
(മുഖ്യമന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) തീരദേശ പരിപാലന നിയമ പ്രകാരം മൂന്നാം സോണിലുള്ള മേഖലയിൽപ്പെട്ട പഞ്ചായത്തുകളിൽ വീട് വയ്ക്കുന്നതിനുള്ള ദൂരപരിധി കായലിൽ നിന്നും കടലിൽ നിന്നും എത്ര മീറ്ററെന്ന് വ്യക്തമാക്കുമോ; | (എ) കടലിന്റെ വേലിയേറ്റ രേഖയിൽ നിന്നും കരഭാഗത്തേയ്ക്ക് 200 മീറ്റർ വരെയുള്ള പ്രദേശവും വേലിയേറ്റ സ്വാധീനമുള്ള കായലിന്റെ ഇരു കരകളിൽ നിന്നും പരമാവധി 100 മീറ്റർ അല്ലെങ്കിൽ, കായലിന്റെ വീതി, ഇവയിൽ ഏതാണോ കുറവ് അത്രയും ഭാഗവും വികസന നിഷിദ്ധ മേഖലയാണ്. ഈ ദൂര പരിധിക്ക് പുറത്ത് കെട്ടിട നിർമ്മാണം അനുവദനീയമാണ്. |
| (ബി) മത്സ്യത്തൊഴിലാളികൾക്ക് വീട് വയ്ക്കുന്നതിന് കായലിൽ നിന്നുള്ള ദൂരപരിധിയും കടലിൽ നിന്നുള്ള ദൂരപരിധിയും എത്രയെന്ന് വ്യക്തമാക്കുമോ? | (ബി) കായലിന്റെ ഇരു കരകളിൽ നിന്നും പരമാവധി 100 മീറ്റർ അല്ലെങ്കിൽ, കായലിന്റെ വീതി ഏതാണോ കുറവ് അത്രയും ഭാഗത്തിനു പുറത്ത് മാത്രം പുതിയ കെട്ടിടം നിർമ്മിക്കാവുന്നതാണ്. കടലിന്റെ വേലിയേറ്റ രേഖയിൽ നിന്നും 100 മുതൽ 200 മീറ്റർ വരെയുള്ള ഭാഗത്ത് തദ്ദേശവാസികൾക്കും |

മത്സ്യത്തൊഴിലാളികൾക്കും നിയന്ത്രണങ്ങൾക്കു വിധേയമായി ചെറിയ വീടുകളുടെ നിർമ്മാണം അനുവദിക്കുന്നു.

സെക്ഷൻ ഓഫീസർ